പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5793 — 03.11.2016-ൽ മറുപടിക്ക്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ ശാസ്ത്രീയമായി സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; | (എ) | ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷുറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും. |
| (ബി) അവരുടെ ജോലി സ്ഥലങ്ങളിൽ ലഭിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | (ബി) | തൊഴിലാളികൾക്ക് താമസസ്ഥലത്തും ജോലി സ്ഥലങ്ങളിലും ആവശ്യമായ കുടിവെള്ളലഭ്യത,നൂറോ അതിൽ കൂടുതലോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിൽ സ്ഥലങ്ങളിൽ കാന്റീൻ സൗകര്യം, ഇരുപതോ അതിൽ കൂടുതലോ സ്ത്രീകളായ ഇതര സംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയമിച്ചിട്ടുള്ള തൊഴിലിടങ്ങളിൽ അവരുടെ കുട്ടികൾക്കായി ക്രഷ് സൗകര്യം, തൊഴിൽശാലകളിൽ തൊഴിലെടുക്കുന്ന ഓരോ 25 തൊഴിലാളികൾക്കും വെള്ളവും വെളിച്ചവും ശുചിത്വവുമുള്ള ശൗചാലയം, സ്ത്രീ തൊഴിലാളികൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം ശൗചാലയങ്ങൾ, എന്നിവ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 03.08.2016 ലെ സ.ഉ (സാധാ)നം. 960/2016/തൊഴിൽ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വ-ത്തിൽ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ പ രിശോധനകൾ നടത്തുകയും ക ണ്ടെത്തുന്ന നിയമ ലംഘന ങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുന്നു. |
| (സി) | കുടുംബം ഒന്നിച്ച് വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം കൂടുന്നു എന്ന വാർത്തകൾ വസ്തുതാപരമാണോ; | (സി) | വസ്തുതാപരമാണ്. |
| (ഡി) | ആണെങ്കിൽ അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത്? | (ഡി) | കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി കേരള ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വെൽഫയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ നടപ്പാക്കിവരുന്നു. ടി പദ്ധതി പ്രകാരം 53136 തൊഴിലാളികൾ അംഗ ങ്ങളാ യിട്ടു ണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് - അപകട മരണ ധനസഹായം, അത്യാഹിതങ്ങൾക്ക് സഹായം, മാരക രോഗങ്ങൾക്ക് ധനസഹായം, ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, മൃതശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം എന്നിവ ലഭിക്കുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നാണ് അപ്നഘർ പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടു ണ്ട്. ഈ മാതൃകയിൽ തിരുവനന്തപുരം |

/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കു വേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ